"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

**(കേരളസംസ്ഥാനം)**

നമ്പർ: **DT/1573/2024-C1**

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ-ഭവൻ,
തിരുവനന്തപുരം
തീയതി: 28-06-2024

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – ട്രെയിനിംഗ് ഡയറക്ടറേറ്റ് –അഡ്മിഷൻ വിഭാഗം- ഐ.ടി.ഐ പ്രവേശനം 2024 – ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1. ഡി.ജി.റ്റിയിൽ നിന്നുള്ള 03/05/2024-ലെ DGT-Aff011/1/2023-O/o DIR (TC) – Part (2) നമ്പരായ കത്ത്.

2. അഡീഷണൽ ഡയറക്ടറുടെ 07/05/2024 –ലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

സൂചന (1), (2) എന്നിവയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2 0 2 4 വർഷത്തെ പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 29/06/2024 ആയിരുന്നത് 05/07/2024 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പുതുക്കിയ അഡ്മിഷൻ ഷെഡ്യൂൾ അനുബന്ധമായി ചേർക്കുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിലെ സീറ്റുകൾക്ക് ആനുപാതികമായി ആവശ്യമായ എണ്ണം അപേക്ഷകൾ ലഭിക്കാത്ത സാഹചര്യത്തിൽ ഐ.ടി.ഐ അഡ്മിഷന് വ്യാപകമായ പരസ്യം നൽകി ജനശ്രദ്ധ ആർഷിക്കുന്നതിനുള്ള നടപടികൾ എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. പ്രാദേശികതലത്തിൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി ഐ.ടി.ഐ അഡ്മിഷൻ സംബന്ധിച്ച് വൻതോതിലുള്ള പരസ്യങ്ങൾ നൽകേണ്ടതും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവ വഴി പരമാവധി ജനങ്ങളിലേയ്ക്ക് വാർത്ത എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കേണ്ടതുമാണ്. ഇവയ്ക്ക് പുറമെ ജില്ലാ തലത്തിൽ എല്ലാ ദൃശ്യ ശ്രവ്യ, പത്ര മാധ്യമങ്ങളിൽക്കൂടിയും സമൂഹ മാധ്യമങ്ങളിൽക്കൂടിയും അഡ്മിഷൻ സംബന്ധിച്ച് പരസ്യം നൽകേണ്ടതും റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റാൻ്റുകൾ ഉൾപ്പെടെയുള്ള പൊതു ഇടങ്ങളിൽ അഡ്മിഷൻ സംബന്ധിച്ച പരസ്യം നൽകുന്നതിനുള്ള/ സ്ഥാപിക്കുന്നതിനുള്ള/പ്രദർശിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

→ PTO

മേൽ പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാ മേഖലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരും പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും ഇത് സംബന്ധിച്ച റിപ്പോർട്ട് അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗിന് സമർപ്പിക്കേണ്ടതുമാണ്.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ്:

1. എല്ലാ മേഖലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും
2. എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്, സ്റ്റോക്ക് ഫയൽ (സി1)

| പുതുക്കിയ അഡ്മിഷൻ ഷെഡ്യൂൾ | | |
|---|---|---|
| 1. | ഓൺലൈൻ ആയി അപേക്ഷ സമർപ്പണം ആരംഭിക്കുന്ന തീയതി | 06/06/2024, 11:00 AM |
| 2. | ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ ആരംഭിക്കുന്ന തീയതി | 10/06/2024, 10:00 AM |
| 3. | ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 05/07/2024, 05:00 PM |
| 4. | ഓൺലൈൻ അപേക്ഷകളുടെ വെരിഫിക്കേഷൻ അവസാനിക്കുന്ന തീയതി | 10/07/2024, 05:00 PM |
| 5. | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 15/07/2024 03:00 PM |
| 6. | അഡ്മിഷന് അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 17/07/2024 മുതൽ 20/07/2024 |
| 7. | അഡ്മിഷൻ തീയതി | 22/07/2024 മുതൽ |

28-06-2024

ADT DTTVPM